# പർദ സ്ത്രീശരീരത്തിന്റെ പാർപ്പിടമല്ല

**വി. എച്ച്. ദിരാർ**

പാക്കിസ്ഥാൻ പ്രസിഡണ്ടായ പർവേഷ് മുഷാറഫ് ഇന്ത്യസന്ദർശിച്ചപ്പോൾ അദ്ദേഹത്തോടൊപ്പം ഭാര്യ സോഹാ ബീഗവും അനുഗമിച്ചിരുന്നു. സന്ദർശനവുമായി ബന്ധപ്പെട്ട് പത്രങ്ങളിലും ടെലിവിഷൻ ചാനലുകളിലും പ്രത്യക്ഷപ്പെട്ട സോഹാബീഗത്തിന്റെ ചിത്രത്തിൽ ശ്രദ്ധേയമായ ചിലത് ഉണ്ടായിരുന്നു. അവർ ധരിച്ചിരുന്നത് പർദയായിരുന്നില്ല. എന്തിന് തല മറയ്ക്കാൻ ഒരു മക്കന പോലും അവർക്കുണ്ടായിരുന്നില്ല. എണ്ണമയമില്ലാതെ ഉതിർന്ന് കിടന്ന മുടിയും ലിപ്സ്റ്റിക്ക് തേച്ച തുടുത്ത ചുണ്ടുകളും അവർക്ക് പാശ്ചാത്യസംസ്കാരത്തിന്റെ (?) ലക്ഷണങ്ങളാണ് നൽകിയത്. ഇസ്ലാംമതതീവ്രവാദത്തിന്റെ മെക്കയായി അറിയപ്പെടുന്ന പാക്കിസ്ഥാനിലെ പ്രഥമവനിതയ്ക്ക് ഇതെല്ലാം എങ്ങനെ സാധിക്കുന്നു? മതാന്ധതയുടെ അണുവികിരണങ്ങളേൽക്കാതെ അവരുടെ ശരീരം ഭദ്രമായി വെളിയിലിറങ്ങുന്നതിന്റെ രഹസ്യമെന്താണ്? ഇത് അവരുടെ മാത്രം കാര്യമല്ല; പാക്കിസ്ഥാന്റെ മുൻഭരണാധികാരിയായ ബേനസീർഭൂട്ടോ, ബംഗ്ലാദേശ് പ്രധാനമന്ത്രിയായിരുന്ന ഷെയ്ക്ക് ഹസീന, ഇന്തോനേഷ്യൻ പ്രസിഡണ്ട് മേഘാവതി എന്നിവരെല്ലാം പർദക്കു വെളിയിലായിരുന്നുവല്ലോ. അവരുടെ മുഖത്ത് ആരും ആസിഡ് ഒഴിച്ചിട്ടില്ല. എന്തിന് പർദ ധരിക്കാത്തതിന്റെ പേരിൽ വാക്കുകൊണ്ടുപോലും അവരെ ആരെങ്കിലും ദ്രോഹിച്ചതായി ചരിത്രത്തിൽ ഒരിടത്തും രേഖപ്പെടുത്തിയതായി കാണുന്നില്ല. പർദയിൽ അതീന്ദ്രിയരാകാൻ സാധാരണ മുസ്ലീം സ്ത്രീകളെ നിർബന്ധിച്ചുപോരുന്ന മതതീവ്രവാദികൾ ഒരിക്കലും ഇത്തരം ചോദ്യങ്ങളെ അഭിമുഖീകരിക്കാനിടയില്ല. കാരണം അധികാരത്തിന്റെ ഉന്നതങ്ങളെ അനുസരിപ്പിക്കൽ തങ്ങളുടെ ദൗത്യമല്ലെന്ന് അവർക്കറിയാം. മറിച്ച് അധികാരത്തിന്റെ നിർമ്മാണത്തിനും ശാശ്വതീകരണത്തിനും പറ്റിയ പ്രത്യയശാസ്ത്രപരമായ കരുക്കളാണ് അവർക്കു വേണ്ടത്.

ഓരോ സംസ്കാരവും രൂപം കൊള്ളുന്നത് അതിന്റേതായ പ്രാകൃതിക ചുറ്റുപാടുകളിൽനിന്നാണ്. എത്രമാത്രം ദൈവികമായ പരിവേഷം അതിൻമേൽ ചമത്തിയാലും പ്രാകൃതികമായ സ്വാധീനങ്ങളെ തള്ളിക്കളയാനാവില്ല. വസ്ത്രധാരണരീതിയിലും ഈ സ്വാധീനം പ്രകടമാണ്. മണലാരണ്യത്തിൽ ഉദയം ചെയ്ത സംസ്കാരങ്ങൾ അതിന് അനുഗുണമായ വസ്ത്രധാരണരീതിയും വികസിപ്പിച്ചെടുത്തു. യേശുക്രിസ്തുവിന്റേയും അദ്ദേഹത്തിന്റെ മാതാപിതാക്കളുടേയും അനുയായികളുടേയും ചിത്രങ്ങൾ നോക്കു. പർദക്ക് സമാനമായ വസ്ത്രങ്ങളാണ് അവർ ധരിച്ചിരിക്കുന്നത്. പിലാത്തോസ് ഉൾപ്പെടെയുള്ള യഹൂദന്മാർക്കും അതേ വസ്ത്രങ്ങൾ തന്നെ. ഇപ്പോഴും ക്രിസ്ത്യൻ പുരോഹിതന്മാരും കന്യാസ്ത്രീകളും ധരിക്കുന്നത് അതേ വസ്ത്രങ്ങൾ തന്നെയാണ്. അറേബ്യൻ രാജ്യങ്ങളിലാണെങ്കിൽ സ്ത്രീകൾ മാത്രമല്ല; പുരുഷന്മാരും ബുർക്കക്ക് സമാനമായ വസ്ത്രങ്ങളാണ് ധരിച്ചുപോരുന്നത്. മരുഭൂമിയുടെ അന്തരീക്ഷത്തിൽ അത്തരം ഒരു വസ്ത്രം വളരെ യോജിച്ചതുമാണ്. ഭീഷണമായ മണൽക്കാറ്റിൽ പൊടിപടലങ്ങളേൽക്കാതെ അവരുടെ ശരീരത്തെ അത് സംരക്ഷിച്ചുപോരുകയും ചെയ്തു. മുഖാവരണത്തിന്റെ ഉദ്ദേശവും ഇതുതന്നെയായിരുന്നു. അല്ലാതെ പുരുഷന്മാരുടെ കണ്ണുകളിൽ പെടാതിരിക്കാനല്ല. മതപരമായ വ്യാഖ്യാനങ്ങളെല്ലാം പിന്നീട് രൂപം കൊണ്ടതാണ്.



വസ്ത്രത്തിന്റെ കാര്യത്തിൽ മാത്രമല്ല, ഇസ്ലാമിലെ അനുഷ്ഠാനരൂപങ്ങളിലും മരുഭൂമിയുടെ ഭൂപ്രകൃതി സൂക്ഷ്മരൂപത്തിൽ കുടികൊള്ളുന്നുണ്ട്. ഇസ്ലാംമതത്തിലെ നമസ്കാരത്തിനു മുമ്പ് 'വുളു'വെടുക്കുന്ന ചടങ്ങ് ഇതിനു നല്ലൊരു ഉദാഹരണമാണ്. മുഖം, തലയുടെ മുൻഭാഗം, ചെവി, കഴുത്ത്, കൈക്കാലുകൾ തുടങ്ങിയവ വെള്ളം കൊണ്ട് ശുദ്ധീകരിക്കുന്നതാണ് ഈ ചടങ്ങ്. മരുക്കാറ്റിൽ പൊടിപടലങ്ങൾ പറ്റിപ്പിടിക്കാൻ സാധ്യതയുള്ള ശരീരഭാഗങ്ങൾ മാത്രമാണ് വാസ്തവത്തിൽ വൃത്തിയാക്കുന്നത്. മരുഭൂമിയിൽ ദുർലഭമായി മാത്രം ലഭിച്ചുപോന്നിരുന്ന വെള്ളത്തെ അവർ എത്ര ശ്രദ്ധയോടെയാണ് ഉപയോഗിച്ചിരുന്നത് എന്ന് ഈ ചടങ്ങ് വ്യക്തമാക്കുന്നു. എത്ര മറച്ചാലും പ്രകൃതിയിലേക്ക് ഇറന്നിരിക്കുന്ന ശരീരഭാഗങ്ങൾ അവർ ഏറ്റവും കുറച്ച് വെള്ളം കൊണ്ട് വൃത്തിയാക്കുകയായിരുന്നു. ചന്ദ്രമാസങ്ങളും ചന്ദ്രികയും ഇസ്ലാംമതത്തിന് പ്രിയപ്പെട്ടതായതിനു പുറകിലും മരുഭൂമിയുടെ ഈ സാന്നിദ്ധ്യം കാണാവുന്നതാണ്. എപ്പോഴും ക്ഷോഭിച്ചു നിൽക്കുന്ന സൂര്യൻ മരുഭൂമിയിലെ മനുഷ്യന് ഒരിക്കലും ഹിതമായിരുന്നില്ല. ഊഷരതയിലെ അനാദിയായ ആ ജ്വാലകൾ ഏറ്റുവാങ്ങുന്ന മനുഷ്യൻ രാത്രിയേയും ചന്ദ്രകിരണങ്ങളേയും സ്നേഹിച്ചുപോവുക സ്വാഭാവികമാണ്. സുബഹ് മുതൽ ഈശാഹ് വരെയുള്ള അഞ്ചു നേരത്തെ നമസ്കാരസമയങ്ങൾപ്പോലും മരുഭൂമിയുടെ പ്രകൃതിയും ജീവിതരീതിയുമായി ഇഴകിച്ചേർന്നു കിടക്കുന്നതാണ്. ഒരു കാർഷികസമൂഹത്തിൽ നിന്ന് ഒരിക്കലും ഇത്തരം അനുഷ്ഠാനകാലങ്ങൾ രൂപപ്പെടുക സാധ്യമല്ല. ആടുമേച്ചും കച്ചവടം ചെയ്തും ജീവിച്ചുപോരുന്ന ഒരു സമൂഹത്തിന്റെ സഞ്ചാരകാലങ്ങൾക്ക് പറ്റിയ തോതിലാണ് നമസ്കാരസമയങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. നക്ഷത്രങ്ങൾ നിറഞ്ഞ തെളിഞ്ഞ മാനവും അറ്റമില്ലാത്ത മരുഭൂമിയും രേഖപ്പെടുത്തിയ ഒരു വിശാലമായ ആത്മീയത ഇസ്ലാമിന്റെ എല്ലാ ചലനങ്ങളിലുമുണ്ട്. മറ്റൊരു കാലത്തും മറ്റൊരു ദേശത്തും അതിന്റെ ബാഹ്യമായ അനുഷ്ഠാനസമ്പ്രദായങ്ങൾക്ക് യാതൊരു സാംഗത്യവുമില്ല. മരുഭൂമിയുടെ കാലദേശങ്ങൾക്ക് അടയാളമായ പർദയും ഈ നിലയിൽ വിലയിരുത്തേണ്ടതുണ്ട്.

പർദേതര വസ്ത്രങ്ങൾ മുഴുവൻ അശ്ലീലമാണെന്ന് ധ്വനിപ്പിക്കും വിധമാണ് ഇപ്പോഴും പർദാവാദികളുടെ പ്രചരണം. പർദയിലൂടെ സ്ത്രീശരീരം ഭൂമിയിലും ആത്മാവ് സ്വർഗ്ഗത്തിലും സുരക്ഷിതമാണെന്നാണ് അതിന്റെ അപ്പോസ്തലന്മാരുടെ വാദം. പർദയുടെ വ്യാപനത്തിനു മുമ്പ് കേരളത്തിലെ എണ്ണമറ്റ മുസ്ലീംസ്ത്രീതലമുറകൾ പർദയണിയാതെ തന്നെ അവരുടെ നാണം മറച്ചും മാനം കാത്തും സുരക്ഷിതരായി കഴിഞ്ഞിട്ടുണ്ട് എന്ന യാഥാർത്ഥ്യത്തെ അവർ അഭിമുഖീകരിക്കുന്നതേയില്ല. പർദ ധരിക്കാത്തതുകൊണ്ട് മരണാനന്തരം അവരെല്ലാം നരകത്തിൽ പോയിയെന്ന വാദവും ഒരു പക്ഷെ അവർക്ക് അവതരിപ്പിക്കാനുണ്ടാകും.

പർദ കേരളത്തിലെ സ്ത്രീകൾ സ്വയമേവ തെരഞ്ഞെടുക്കാൻ തുടങ്ങിയതല്ല. ബാബറി മസ്ജിദിന്റെ തകർച്ചയോടെ ഇസ്ലാമിൽ രൂപം കൊണ്ട അരക്ഷിതബോധത്തെ മതമൗലികവാദികൾ മിച്ചമൂല്യമായി കണ്ടെത്തുകയായിരുന്നു. ആത്മീയതയല്ല അധികാരമായിരുന്നു അതിന്റെ ആന്തരികചോദന. പർദയേക്കാൾ വാസ്തവത്തിൽ ഇസ്ലാം സ്ത്രീകൾക്കാവശ്യം മതത്തിൽ രൂഢമൂലമായ ഭാരിച്ച സ്ത്രീധനസമ്പ്രദായത്തിൽ നിന്നുള്ള മുക്തിയായിരുന്നു. പക്ഷെ, പർദാവാദികളായ പുരുഷപ്രജകൾക്ക് സ്വർണ്ണത്തിളക്കത്തിൽ മയങ്ങിക്കിടക്കുന്നതിൽ ഒട്ടും വൈമനസ്യം തോന്നിയില്ല. പകരം സ്ത്രീധനസമ്പ്രദായം മൂലം അവിവാഹിതരായി കഴിയാൻ വിധിക്കപ്പെട്ട സ്ത്രീകളോടു പോലും അവരുടെ സദാചാരമൂല്യങ്ങൾ പർദയിൽ പൊതിഞ്ഞ് സൂക്ഷിക്കാൻ കൽപ്പിക്കുകയായിരുന്നു.

സ്ത്രീകളെ കട്ടുക്കിട്ട് നിർത്തുകയെന്നത് എക്കാലത്തെയും പുരുഷാധിപത്യത്തിന്റെ ഒരു പ്രവർത്തനതന്ത്രമാണ്. സമൂഹത്തെ പൊതുവിൽ തളച്ചിടുക എന്നതിന്റെ ഒരു മുന്നുപാധി സ്ത്രീയെ തളക്കുകയെന്നതാണ്. സ്വാതന്ത്ര്യത്തിലേക്കുള്ള മനുഷ്യന്റെ നിത്യമായ ആകാംക്ഷകളെയാണ് അത് വെല്ലുവിളിക്കുന്നത്. ഭീതിയുടെ ഒരു അദൃശ്യമണ്ഡലം സൃഷ്ടിച്ച്,സദാ ആക്രമിക്കപ്പെടാവുന്ന ഒരു ലൈംഗികാവസ്ഥ മാത്രമാണ് സ്ത്രീശരീരമെന്ന് അവർ പരോക്ഷമായി വ്യാഖ്യാനിച്ചുകൊണ്ടിരിക്കുന്നു. ജീവിതത്തിന്റെ വിവിധ ഉറസ്സുകളിലൂടെ കടന്നുപോവുകയും അവയെപ്രതി വികാര-വിചാരങ്ങളിലേർപ്പെടുകയും ചെയ്യുന്ന ഒരു വലിയ സാധ്യതയും അനുഭവവുമാണ് സ്ത്രീയെന്ന് അവർ ഒരിക്കലും മനസ്സിലാക്കുന്നില്ല. ജീവിതത്തിലേക്കും ലോകത്തിലേക്കും ഉറ്റുനോക്കുന്ന മറ്റൊരു കണ്ണാണത്.

പക്ഷെ, മതതീവ്രവാദികളുടെ മനസ്സ് എപ്പോഴും മാംസളമാണ്. നനവില്ലാത്ത അനുഷ്ഠാനങ്ങളാണ് അവർക്ക് ആത്മീയത. പുരുഷനെ അപൂർണ്ണനാക്കി നിർത്തുന്ന സ്ത്രീയെന്ന സത്യത്തെ അതിന്റെ മുഴുവൻ ഇന്ധനക്ഷമതയോടും കൂടി നോക്കികാണുമ്പോൾ മാത്രമാണ് ആത്മീയത അതിന്റെ ശരിയായ രൂപത്തിൽ പ്രകാശമാനമാകുന്നത്. പർദ ധരിക്കാൻ അനുശാസിക്കുന്ന മനോഭാവത്തിൽ അടങ്ങിയിരിക്കുന്ന സൈദ്ധാന്തികബോധത്തിന് ഒരു കാലത്തും ഈ ആത്മീയത അനുഭവവേദ്യമാകില്ല. അതുകൊണ്ടുതന്നെ പർദക്കുള്ളത് വസ്ത്രത്തിന്റെ ധർമ്മം പോലുമല്ല; അധികാരത്തിന്റെ ധർമ്മം മാത്രമാണ്.